**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2040** **29-09-2025 - ൽ മറുപടിയ്ക്ക്**

**കോഴി വളർത്തൽ കേന്ദ്രങ്ങൾക്ക് ആഡംബര നികുതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | രണ്ടായിരം ചതുരശ്ര അടിക്കുമേൽ വിസ്തീർണ്ണം ഉള്ള താൽക്കാലിക ഷെഡ്ഡുകളിൽ പ്രവർത്തിക്കുന്ന കോഴി വളർത്തൽ കേന്ദ്രങ്ങൾക്ക് ആഡംബര നികുതിയും തൊഴിൽ സെസ്സും ഈടാക്കുന്നതായുള്ള വാർത്തകൾ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വ്യക്തമാക്കുമോ ; | (എ) | **പൗൾട്രി മേഖലയിലെ കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട അശാസ്ത്രീയനിയമങ്ങളും ചട്ടങ്ങളും ശാസ്ത്രീയമായി പരിഷ്കരിക്കണമെന്നത് സംബന്ധിച്ച് വയനാട് പൗൾട്രി ഫാർമേഴ്സ് സൊസൈറ്റി നൽകിയ നിവേദനം ബഹു.മുഖ്യമന്ത്രിയുടെ പരാതി പരിഹാര പോർട്ടൽ മുഖേന ലഭ്യമായത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത നിവേദനത്തിലെ ആഡംബര നികുതിയുമായും തൊഴിൽ സെസ്സുമായും, ഫാം ലൈസൻസുമായും ബന്ധപ്പെട്ട വിഷയങ്ങളിൽ തുടർനടപടികൾ സ്വീകരിക്കുവാൻ തൊഴിലും നൈപുണ്യവും, റവന്യൂ, തദ്ദേശ സ്വയംഭരണ വകുപ്പുകൾക്ക് നിവേദനം കൈമാറിയിട്ടുള്ളതാണ്.** |
| (ബി) | ഉൽപാദന ചെലവ് വർദ്ധിക്കുന്നതിലൂടെ ബുദ്ധിമുട്ടുന്ന കർഷകർക്ക്, ഉയർന്ന നികുതിഭാരവും ലേബർ സെസ്സും സൃഷ്ടിക്കുന്ന പ്രതിസന്ധി ഒഴിവാക്കുന്നതിന് വകുപ്പ് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ ? | (ബി) | **ഉൽപ്പാദന ചെലവ് കുറയ്ക്കുന്നതിന് വേണ്ടി, കോഴികൾക്കുണ്ടാകുന്ന വിവിധ രോഗങ്ങളെ പ്രതിരോധിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ, ഉൽപ്പാദന ചെലവ് കുറച്ച് കോഴിവളർത്തുന്നതിനെക്കുറിച്ച് കർഷകർക്കുള്ള ബോധവൽക്കരണം എന്നീ നടപടികൾ മൃഗസംരക്ഷണ വകുപ്പ് സ്വീകരിച്ചു വരുന്നു.** |

സെക്ഷൻ ഓഫീസർ